LIBRARY ARCHIVES Kerala Legislative Assembly

കടാശ്വാസം നൽകാൻ നടപടി

217 (509) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ കോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ, മറ്റ് വിവിധ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കടമെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും കടാശ്വാസം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിൽ പടനിലം ഏലിയാസ് നഗർ ശ്രീമതി ക്ലാരമ്മ ബഹു. മന്ത്രിക്ക് ബോധിപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അവരുടെ കടബാധ്യത എഴുതി തള്ളാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിഭിന്നങ്ങളായ വായ്പകളെ, വായ്പകൾ നൽകിയ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കിയാണ് കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. പിന്നാക്ക വിഭാഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലെ 2(ix) വകുപ്പിൽ നിർവ്വചിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ളതും ടി നിയമത്തിലെ 2(v) വകുപ്പിലെ 'കടം' എന്ന പദത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നതുമായ വായ്പകൾക്കു കൂടി കടാശ്വാസം അനുവദിക്കണമെന്ന കമ്മീഷന്റെ ശുപാർശ 6-12-2010-ലെ (പി)91/2010/മത്സ്യ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ, പടനിലം, ഏലിയാസ് നഗർ, കിടങ്ങയത്തെ ശ്രീമതി ക്ലാരമ്മ സമർപ്പിച്ച 5-4-2010-ലെ അപേക്ഷ പരിശോധിച്ചതിൽ വായ്പ ഫർണിച്ചർ ബിസ്സിനസ്സാണെന്ന് കാണുകയും അത് 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലെ 2(v) വകുപ്പിൽ നിർവചിച്ചിട്ടുള്ള കടങ്ങളുടെ പരിധിയിൽ വരുന്നില്ലെന്ന വിവരം 18-11-2010-ലെ 398/ബി/2010/കെഎസ്എഫ്ഡിആർസി നമ്പർ കത്ത് പ്രകാരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനുള്ള മാനദണ്ഡം

218 (510) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിധിയിൽവരുന്ന മത്സ്യത്തൊഴിലാളികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണ്;